**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 123** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>പോലീസ് അക്കാദമി വളപ്പിലെ ചന്ദനമര മോഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ രാമവർമ്മപുരത്തെ പോലീസ് അക്കാദമി വളപ്പിൽ നിന്നും ചന്ദനമരങ്ങൾ മുറിച്ചുകടത്തിയ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രതികളെ പിടികൂടിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇക്കാര്യത്തിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 10/2026 U/s 329(1), 305 (e) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചന്ദനമരങ്ങൾ മോഷണം നടത്തുന്നവരെ കുറിച്ചും, മരം മുറി തൊഴിലാളികളേയും മറ്റും കണ്ട് ചോദ്യം ചെയ്തും കേസിൽ അന്വേഷണം നടത്തിവരുന്നു. മരത്തിന്റെ ഭാഗം സ്വീഷർ മഹസ്സർ പ്രകാരം 04.01.2026 തീയതിയിൽ ബന്തവസ്സിലെടുത്ത് ബഹു. JFCM No.1 കോടതി മുമ്പാകെ ഹാജരാക്കിയിട്ടുമുണ്ട്.

**(ബി)** സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ ആഭ്യന്തര വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര മോഷണക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; ഏതൊക്കെ കേസുകളിൽ പ്രതികളെ പിടികൂടുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അനുബന്ധമായി ചേർക്കുന്നു.

**(സി)** കർശന സുരക്ഷാ മുൻകരുതലുകളോടുകൂടി പ്രവർത്തിക്കുന്ന ആഭ്യന്തര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പോലും മോഷണക്കേസുകൾ ആവർത്തിച്ച് റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ മോഷണ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്. ഇപ്രകാരമുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിന് പോലീസിന്റെ മതിയായ സുരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ